(ബി) അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വനം കയ്യേറ്റം തടയുന്നതിനായി സമയബന്ധിതമായി വനസർവ്വേ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സർവ്വേ നടത്തി ജണ്ട കെട്ടിത്തിരിച്ച് അവ വീണ്ടും വനഭൂമിയായി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

പെൻഷൻ മണി ഓർഡറായി വീടുകളിൽ എത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനം

* 16 [589] ശ്രീ. പി. കെ. കെ. ബാവ:
,, കളത്തിൽ അബ്ദുള്ള:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും, എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ചെലവിൽ പെൻഷൻ മണി ഓർഡർ ആയി വീടുകളിലെത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

(ബി) ട്രഷറികളിൽവന്ന് പെൻഷൻ കൈപ്പറ്റുന്നവർ ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഗവൺമെന്റ് നടപ്പാക്കിയതും നടപ്പാക്കാനുദ്ദേശിക്കുന്നതുമായ കാര്യങ്ങൾ വിശദീകരിക്കാമോ?

ധനകാര്യവും, എക്സൈസും വകുപ്പ് മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) നിലവിൽ ഉണ്ട്. എഴുപത്തി അഞ്ച് വയസ്സും അതിൽകൂടുതലും പ്രായമുള്ള പെൻഷൻകാർ, ട്രഷറിയിൽ എത്താൻ കഴിയാത്ത വികലാംഗരായ പെൻഷൻകാർ, കടുത്തരോഗം കാരണം അവശത സംഭവിച്ച പെൻഷൻകാർ, ബുദ്ധിമാന്ദ്യം സംഭവിച്ച പെൻഷൻകാർ എന്നിവർക്ക് സർക്കാർ ചെലവിൽ പെൻഷൻ മണി ഓർഡറായി വീടുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

(ബി) ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണവും, ടെല്ലർ സംവിധാനവും വലിയ ഒരളവുവരെ പെൻഷൻ വേഗത്തിലും കൃത്യതയോടും കൂടി പെൻഷൻകാർക്ക് വിതരണം ചെയ്യാൻ സഹായിക്കുന്നുണ്ട്. സംസ്ഥാനത്തെ ട്രഷറികളുമായി ബന്ധപ്പെട്ട് വിവിധ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന 'വൺ-മാൻ' ട്രഷറികൾ ബന്ധപ്പെട്ട പഞ്ചായത്തുകളിലെ പെൻഷൻകാർക്ക് ബുദ്ധിമുട്ടുകളില്ലാതെ തന്നെ പെൻഷൻ വിതരണം ചെയ്യാൻ സഹായിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly